# മനുഷ്യാവകാശ പരിരക്ഷ
# കരെ സംബന്ധിക്കുന്ന
# ഐക്യരാഷ്ട്ര പ്രഖ്യാപനം.

സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള
മനുഷ്യാവകാശങ്ങളേയും മൗലിക സ്വാത
ന്ത്ര്യങ്ങളേയും പരിപോഷിപ്പിക്കുവാനും പ
രിരക്ഷിക്കാനുമുള്ള വ്യക്തികളുടേയും ഗ്രൂപ്പു
കളുടേയും സമൂഹസംഘടനകളുടേയും
അവകാശങ്ങളേയും ഉത്തരവാദിത്വത്തേയും
പറ്റിയുള്ള പ്രഖ്യാപനം.

ജനറൽ അസംബ്ലി പ്രമേയം 53/144
(അ/ഞളട/53/143) 9 December 1998

മലയാളം / Malayalam

മലയാളം / Malayalam

Printed by FORUM-ASIA Translated by People's Watch

ജനറൽ അസംബ്ലി പ്രമേയം 53/144
(അ/ഞളട/53/143) 9 December 1998

സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളേയും മൗലിക സ്വാത ന്ത്ര്യങ്ങളേയും പരിപോഷിപ്പിക്കുവാനും പരിരക്ഷിക്കാനുമുള്ള വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും സമൂഹസംഘടന കളുടേയും അവകാശങ്ങളേയും ഉത്തരവാ ദിത്വത്തേയും പറ്റിയുള്ള പ്രഖ്യാപനം.

മനുഷ്യാവകാശ പരിരക്ഷകരെ സംബന്ധി ക്കുന്ന ഐക്യരാഷ്ട്ര പ്രഖ്യാപനം.

മലയാളം / Malayalam

ISBN:

Copyright © 2010

Cover/Layout:
**skinner+kluke**

Translated by:
**People's Watch (PW)**
6A, Vallabhai Road
Chokkikulam, Madurai – 625002
India

www.pwtn.org

Printed by:
**Asian Forum for Human Rights and Development (FORUM-ASIA)**
12th Floor, Room 12-01
Times Square Building
246 Sukhumvit Road
Khlong Toei, Khlong Toei
Bangkok, 10110
Thailand

www.forum-asia.org

This book was written for the benefit of human rights defenders and may be quoted from or copied so long as the source and authors are acknowledged.

ജനറൽ അസംബ്ലി പ്രമേയം 53/144
(അ/ഞളട/53/143) 9 December 1998

## സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളേയും മൗലിക സ്വാത ന്ത്ര്യങ്ങളേയും പരിപോഷിപ്പിക്കുവാനും പരിരക്ഷിക്കാനുമുള്ള വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും സമൂഹസംഘടന കളുടേയും അവകാശങ്ങളേയും ഉത്തര വാദിത്വത്തേയും പറ്റിയുള്ള പ്രഖ്യാപനം.

ജനറൽ അസംബ്ലി.

ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ആളുകളുടേയും മനുഷ്യാവകാശങ്ങളും, മൗലിക സ്വാതന്ത്ര്യങ്ങളും പരിരക്ഷിക്കുന്നതിനും പരിപേ ാഷിപ്പിക്കുന്നതിനും വേിയുള്ള ഐക്യരാഷ്ട്ര അവകാശപത്രത്തിന്റെ ആചരണത്തിന്റെ പ്രാധാന ്യം വീും ഉറപ്പിച്ചു പറഞ്ഞുകൊ്

സാർവത്രികമനുഷ്യാവകാശ പ്ര ഖ്യാപനത്തിന്റെയും 2200 അ (തത1), അനു ബന്ധ മനുഷ്യാവകാശ പ്രമേയത്തിന്റെ വെളിച്ച ത്തിലുള്ള അന്താരാഷ്ട്രീയ ഉടമ്പടികളുടേയും പ്ര ാമുഖ്യം ഊന്നിപ്പറഞ്ഞുകൊ്, അവയെ അടിസ്ഥാ നപരമായ സ്വാതന്ത്ര്യങ്ങളുടേയും മനുഷ്യാവകാ ശങ്ങളുടേയും വികസനത്തിനുള്ള അന്താരാഷ്ട്രീ യമായ അധ്വാനത്തിന്റെ മൂലഘടകങ്ങളായി പരിഗണിച്ചുകൊ്, മനുഷ്യാവകാശങ്ങളോട്, മൗലികസ്വാതന്ത്ര്യങ്ങളോട്, സാർവ്വത്രികബഹു മാനം വളർത്തിയെടുക്കുന്നതിന്, മനുഷ്യാവകാ ശപരിരക്ഷക്കുള്ള ഐക്യരാഷ്ട്രവ്യവസ്ഥയിലെ ഉപകരണങ്ങളേയും പ്രാദേശിക തലങ്ങളിൽ സ്വീകരിക്കുന്ന മനുഷ്യാവകാശസംരക്ഷണ സംവിധാനങ്ങളെയും എടുത്തുകാട്ടിക്കൊ്,

ഒരുതരത്തിലുള്ള വിവേചനവുമില്ലാതെ തരംതി രിവുമില്ലാതെ, സകലമാന പേർക്കും മനുഷ്യാ വകാശങ്ങളും മൗലികാവകാശങ്ങളും ഉറപ്പുവരു ത്തുക എന്ന ഗൗരവമായ ചുമതല അന്താരാഷ്ട്ര സമൂഹത്തിലെ എല്ലാം അംഗങ്ങളും ഒറ്റയ്ക്കും കൂട്ടായും നിർവ്വഹിക്കേിന്റെ ആവശ്യം ഊന്നി പ്പറഞ്ഞുകൊ്, വംശത്തിലും വർഗ്ഗത്തിലും ലിംഗത്തിലും ഭാഷയിലും മതത്തിലും അഭിപ്ര ായത്തിലും ദേശീയമോ സാമൂഹ്യമോ ജന്മമോ അതുപോലുള്ള മറ്റവസ്ഥയോ അടിസ്ഥാനമാക്കി യുള്ള വകതിരിവുകൾക്കപ്പുറത്തു നിന്നുകൊ്,

ഈ അവകാശപത്രപ്രകാരമുള്ള ചുമതലകൾ അന്തർദ്ദേശീയ സഹകരണത്തിലൂടെ നിർവ്വഹി ക്കേതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊ്,

രാഷ്ട്രങ്ങളുടേയും വ്യക്തികളുടേയും മനുഷ്യാ വകാശങ്ങളും  അടിസ്ഥാനസ്വാതന്ത്ര്യങ്ങളും ധ്വംസിക്കുന്ന എല്ലാ ഏർപ്പാടുകളും ഇല്ലായ്മ ചെയ്തുകൊ്, അപ്പാർതൈഡ്, വംശീയവിവേചനം തുടങ്ങിയ നിരങ്കുശവുമായ മനുഷ്യാവകാശ ധ്വംസനങ്ങളെ ചെറുത്തുകൊ്, എല്ലാ രൂപത്തിലു മുള്ള വംശീയവിവേചനങ്ങളെയും അധിനിവേശ ങ്ങളെയും വിദേശ മേൽക്കോയ്മകളെയും ദേശ ീയ പരമാധികാരത്തിനും ദേശീയ ഐക്യത്തിനും മേഖലാപരമായ ഉദ്ഗ്രഥനത്തിനും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തിനും സ്വന്തം സ്വത്തി ന്മേലും പ്രകൃതിസ്രോതസ്സുകൾക്കു മേലുമുള്ള അവകാശത്തിനും നേർക്കുയരുന്ന എല്ലാ ഭീഷണി കളെയും പ്രതിരോധിച്ചുകൊ്,

ലോകസമാധാനവും സുരക്ഷിതത്വവും മനു ഷ്യാവകാശങ്ങളുടെ, അടിസ്ഥാനസ്വാതന്ത്ര്യ ങ്ങളുടെ ആസ്വാദനവും തമ്മിലുള്ള ബന്ധത്തെ അംഗീകരിച്ചുകൊ്, അന്തർദ്ദേശീയ സമാധാനം, സുരക്ഷയുടെ അഭാവം–എന്നീ ആശയങ്ങളോ ടുള്ള അവിധേയത്വത്തെ മാപ്പാക്കുന്നില്ലെന്ന കാര്യം മനസ്സിൽ വച്ചുകൊ്,

എല്ലാ മനുഷ്യാവകാശങ്ങളും മൗലികസ്വാത ന്ത്ര്യങ്ങളും സാർവ്വത്രികമാണെന്നും, പരസ്പ രബന്ധിതമാണെന്നും അവിഭാജ്യമാണെന്നും, അവ സമമായും തുല്ല്യമായും നടപ്പിലാക്കേ താണെന്ന്, ഈ അവകാശങ്ങളിലോരോന്നും മുൻവിധിയില്ലാതെ പ്രാവർത്തികമാക്കേതാണെ ന്ന് അംഗീകരിച്ചു കൊ്,

മനുഷ്യാവകാശങ്ങളുടെ മൗലികസ്വാതന്ത്ര്യങ്ങളുടെ പരിരക്ഷയും പ്രചാരണവും ഭരണകൂടത്തിന്റെ മുഖ്യ ചുമതലയാണ് എന്ന് ഊന്നിപ്പറഞ്ഞുകൊ്,

ദേശീയതലത്തിലും അന്തർദേശീയതലത്തിലും മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനവും അവയെക്കുറിച്ചുള്ള അറിവും വളർത്തുവാന ുള്ള ചുമതലയും അധികാരവും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംഘടനകൾക്കുമുന്ടെന്ന് അംഗീക രിച്ചുകൊ്, ഇങ്ങിനെ പ്രഖ്യാപിക്കുന്നു.

## ആർട്ടിക്കിൾ 1

ദേശീയ-അന്തർദേശീയ തലങ്ങളിൽ വ്യക്തിപരമാ യും മറ്റുമുള്ളവരുമായി കൂട്ടുചേർന്നും മനുഷ്യാ വകാശങ്ങളും അടിസ്ഥാനസ്വാതന്ത്ര്യങ്ങളും പരിര ക്ഷിക്കാനും നേടിയെടുക്കാനുമുള്ള അവകാശം ഓരോ ആൾക്കുമു്.

## ആർട്ടിക്കിൾ 2

(1)എല്ലാ മനുഷ്യാവകാശങ്ങളേയും മൗലികസ്വാതന്ത്ര്യങ്ങളേയും പരിരക്ഷിക്കുവാനും വളർത്തിയെടുക്കുവാനുമുള്ള  ഉത്തരവാദിത്വവും ചുമതലയും ഓരോ ഭരണകൂടത്തിനുമുള്ളതാകുന്നു. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും അതുപോലുള്ള മറ്റു മേഖലകളിലും മനുഷ്യാവകാശങ്ങളുടെ, മൗലികസ്വാതന്ത്ര്യങ്ങളുടെ, സംരക്ഷണത്തിനാവശ്യമായ എല്ലാ ആവശ്യങ്ങളും ഭരണകൂടം വഹിക്കേണ്ടതാകുന്നു. ഒരു ഭരണകൂടത്തിന്റെ അധികാരപരിധിക്കുള്ളിൽ വരുന്ന എല്ലാ ആളുകൾക്കും  ഒറ്റയ്ക്കും കൂട്ടായും ഈ മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യങ്ങളും അനുഭവിക്കാനുതകുന്ന നിയമവ്യവസ്ഥകൾ സ്റ്റേറ്റ് നിർമ്മിക്കേണ്ടതുമാകുന്നു.

(2) ഈ പ്രഖ്യാപനത്തിൽ പറയുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉറപ്പുവരുത്താനാവശ്യമായ  എല്ലാ നിയമനടപടികളും ഭരണനടപടികളും  സ്റ്റേറ്റ് കൈക്കൊള്ളേണ്ടതാണ്.

## ആർട്ടിക്കിൾ 3

സ്റ്റേറ്റിന്റെ നിയമം ഐക്യരാഷ്ട്ര അവകാശപത്രത്തിന്റേയും  മനുഷ്യാവകാശങ്ങളേയും

സ്വാതന്ത്ര്യങ്ങളേയും സംബ്സ്ഥിക്കുന്ന അന്തർദേശീയമായ ഉത്തരവാദിത്വങ്ങളുടെയും അന്തഃസത്ത ഉൾക്കൊള്ളുന്ന ഒരു ചട്ടക്കൂടായി കാണാനും അതിനകത്തു നിന്നുകൊ് മനുഷ്യാവകാശങ്ങളെ മനുഷ്യസ്വാതന്ത്ര്യങ്ങളെ നടപ്പിലാക്കാൻ സ്റ്റേറ്റിനു കഴിയണം. ആ അവകാശങ്ങളുടെ സാക്ഷാൽക്കാരത്തിനുള്ള നടപടികൾ ഉാകണം.

## ആർട്ടിക്കിൾ 4

ഈ പ്രഖ്യാപനത്തിലെ ഒന്നും തന്നെ ഐക്യരാഷ്ട്ര അവകാശപത്രത്തിലെ തത്വങ്ങളെ വിരോധിക്കുന്നതോ തടസപ്പെടുത്തുന്നതോ ആയി വ്യാഖ്യാനിക്കപ്പെടരുത്. 1) സാർവ്വത്രികമനുഷ്യാവകാശ പ്രഖ്യാപനം, 2) മനുഷ്യാവകാശപരമായ അന്തർദേശീയ ഉടമ്പടി, 3)ഇതുമായി ബന്ധപ്പെട്ട മറ്റു ഗോളാന്തര ബാദ്ധ്യതകൾ, പ്രതിബദ്ധതകൾ , ഇവയെയൊന്നും ഈ പ്രഖ്യാപനം ക്ലിപ്തപ്പെടുത്തുകയോ തരംതാഴ്ത്തുകയോ ചെയ്യുന്നില്ല.

## ആർട്ടിക്കിൾ 5

മനുഷ്യാവകാശങ്ങളുംഅടിസ്ഥാന സ്വാതന്ത്ര്യങ്ങളും വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും

വേി ദേശീയവും അന്തർദേശീയവുമായ തലങ്ങ ളിൽ ഓരോ ആൾക്കും വ്യക്തിപരമായും സംഘം ചേർന്നും പ്രവർത്തിക്കുവാൻ അവകാശമു്.

എ. സമാധാനപരമായി സമ്മേളിക്കാൻ

ബി. സർക്കാരിതര സംഘടനകളോ ഗ്രൂപ്പുകളോ രൂപവൽക്കരിക്കാൻ, അത്തരം സംഘടനകളിൽ ചേരാൻ

സി. സർക്കാരിതരമോ സർക്കാരുമായി ബന്ധമു ള്ളതോ ആയ സംഘങ്ങളുമായി ആശയവിനി മയം നടത്താൻ ഓരോ വ്യക്തിക്കും അധികാരമു്

## ആർട്ടിക്കിൾ 6

ഒരോ വ്യക്തിക്കും താഴെ പറയുന്ന അധികാരം/ അവകാശം ഒറ്റക്കും മറ്റുള്ളവരുമായി കൂട്ടു ചേർന്നും ഉ്.

എ. എല്ലാ മനുഷ്യാവകാശങ്ങളേയും അടിസ്ഥാ നസ്വാതന്ത്ര്യങ്ങളേയും സംബന്ധിച്ച് അറിയാൻ, അന്വേഷിക്കാൻ, സ്വീകരിക്കാൻ; പ്രാദേശികമായ നിയമനിർമ്മാണത്തിൽ, നീതിന്യായവ്യവസ്ഥയിൽ ഭരണകൂടങ്ങളിൽ ഇവ എങ്ങനെ പ്രയോജനപ്പെടു ന്നുവെന്നു മനസ്സിലാക്കാൻ.

ബി. എല്ലാ മനുഷ്യാവകാശങ്ങളെക്കുറിച്ചും അടിസ്ഥാനസ്വാതന്ത്ര്യങ്ങളെക്കുറിച്ചും സ്വത ന്ത്രമായി പ്രസിദ്ധീകരിക്കാനോ, വിവരം ന ൽകാനോ

നിയമത്തിൽ, പ്രയോഗത്തിൽ ഈ അടിസ്ഥാ നസ്വാതന്ത്ര്യങ്ങളും മനുഷ്യാവകാശങ്ങളും എങ്ങിനെ പാലിക്കപ്പെടുന്നുവെന്നു പഠിക്കാന ും, ചർച്ചചെയ്യാനും ഈ കാര്യങ്ങളിലേക്കു പെ ാതുജനശ്രദ്ധ ആകർഷിക്കാനും.

## ആർട്ടിക്കിൾ 7

പുതിയ മനുഷ്യാവകാശപരമായ ആശയങ്ങളെ , സന്ദേശങ്ങളെ വളർത്തിയെടുക്കാൻ, പ്രചരിപ്പി ക്കാൻ, അവയുടെ സ്വാതന്ത്ര്യത്തിനു വേി വാദി ക്കാൻ ഓരോ വ്യക്തിക്കും ഒറ്റക്കോ, സംഘമയോ അധികാരമു്.

## ആർട്ടിക്കിൾ 8

(1)ഓരോ വ്യക്തിക്കും ഒറ്റക്കോ കൂട്ടായോ തന്റെ രാജ്യത്തെ ഭരണക്രമത്തിലോ പൊതുക്കാര്യന ിർവ്വഹണത്തിലോ വിവേചനമൊന്നുമില്ലാതെ വളർത്തിയെടുക്കാൻ അവകാശമു്.

(2)പൊതുക്കാര്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിനോ സംഘടനകൾക്കോ സംവിധാനങ്ങൾക്കോ മനുഷ്യാവകാശ സംബന്ധിയായ, മൗലികാവകാശ സംബന്ധിയായ വീഴ്ചകളെക്കുറിച്ചു വിമർശനം നടത്താനും മനുഷ്യാവകാശധ്വംസനം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഓരോ പൗരനും ഒറ്റയ്ക്കോ കൂട്ടായോ അവകാശമുള്ളതാകുന്നു.

## ആർട്ടിക്കിൾ 9

(1)മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യങ്ങളും പ്രാവർത്തികമാക്കുവാനും ഈ പ്രഖ്യാപനത്തിൽ പറയുന്ന മനുഷ്യാവകാശങ്ങളുടെ പരിരക്ഷയും പ്രോത്സാഹനവുമടക്കം ഒരോ വ്യക്തിക്കും സ്വന്തമായോ, കൂട്ടായോ ഈ അവകാശങ്ങളുടെ അതിലംഘനങ്ങളിൽ നിന്നു രക്ഷ നേടാനുള്ള ഫലപ്രദമായ മാർഗങ്ങളിൽ നിന്നു പ്രയോജനം കണ്ടെത്താനുള്ള അവകാശമു്.

(2)അധികാരങ്ങളോ സ്വാതന്ത്ര്യങ്ങളോ ഭഞ്ജിക്കപ്പെടുന്ന ഓരോ ആൾക്കും നേരിട്ടോ, നിയമപരമായി അധികാരപ്പെടുത്തപ്പെട്ട പ്രതിനിധി വഴിയോ ആവലാതി ബോധിപ്പിക്കാനുള്ള അവകാശമു്. ആവലാതി സ്വതന്ത്രവും  കാര്യക്ഷമവും ആയ, നിയമാനുസൃതം സ്ഥാപിതമായ ഒരു നീതിവ്യവ

സ്ഥയ്ക്കു മുമ്പിൽ പൊതുവിചാരണയ്ക്കു വിധേ യമാക്കേണ്ടതുമാണ്. നിയമാനുസൃതമായ പരിഹാരം – നഷ്ടപരിഹാരമടക്കം അപ്രകാരം അവകാശന ിഷേധത്തിനു വിധേയനായ വ്യക്തിക്കു വലിയ കാലവിളംബം കൂടാതെ ലഭ്യമാക്കേണ്ടതു്.

(3)ഓരോ ആൾക്കും സ്വന്തമായോ കൂട്ടായോ ഈ അവകാശമു്:

(എ) മനുഷ്യാവകാശ ലംഘനം സംബന്ധിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാർക്കോ, സർക്കാർ സ്ഥാ പനങ്ങൾക്കോ എതിരായി പരാതി നൽകാനുള്ള അവകാശം ഓരോ രാജ്യത്തും നിലവിലുള്ള ന ീതിന്യായവ്യവസ്ഥക്കനുസരണമായി ന്യായക്കോ ടതികളെയോ അധികാരസ്ഥാപനങ്ങളെയോ പ രാതിയുമായി സമീപിക്കാനുള്ള അവകാശം.

(ബി) പൊതു വിചാരണകളിൽ, നിയമപ്രക്രിയക ളിൽ ഭാഗഭാക്കാകാനുള്ള അവകാശം.

(സി) മനുഷ്യാവകാശങ്ങളുടെ പരിരക്ഷയ്ക്കു ന ിയമസഹായം നൽകുന്നതിനും സ്വീകരിക്കുന്ന തിനും ഉള്ള അവകാശം.

(4)ഓരോ ഉദ്ദേശ്യത്തോടെ, അന്തർദേശീയമായ പ്രക്രിയകൾക്കനുസരിച്ച് അന്തർദേശീയസ്ഥാപന ങ്ങളെ സമീപിക്കുന്നതിനും, മൗലിക സ്വാതന്ത്ര്യ സംബന്ധിയായ വിവരങ്ങളോ കാര്യങ്ങളോ

ഈ സ്ഥാപനങ്ങളിൽ നിന്നു സ്വീകരിക്കുന്ന തിനും വിലക്കുകളില്ലാത്ത അവകാശം ഓരോ വ്യക്തിക്കും സ്വന്തം നിലയ്ക്കോ കൂട്ടായോ അനുവദിക്കപ്പെട്ടിട്ടു്.

(5)അതിന്റെ ഭരണപരിധിയിൽപ്പെട്ട ഏതെങ്കിലും പ്രദേശത്ത് മനുഷ്യാവകാശ ലംഘനം നടന്നിട്ടുന്ന് വിശ്വസിക്കാവുന്ന പരിതസ്ഥിതിയിൽ അതെക്കുറിച്ചു ആ രാഷ്ട്രം നിക്ഷ്പക്ഷവും ഉടനടിയുള്ളതുമായ അന്വേഷണം നടത്തേതാകുന്നു.

## ആർട്ടിക്കിൾ 10

മനുഷ്യാവകാശങ്ങളെയും മൗലികസ്വാതന്ത്ര്യങ്ങളെയും ലംഘിക്കുന്ന ഒരു നടപടിയിലും ഒരാളും പങ്കുചേരരുത്. അങ്ങനെ പങ്കുചേരാതിരിക്കുന്നതിന്റെ പേരിൽ ആരും ശിക്ഷിക്കപ്പെടുകയുമരുത്.

## ആർട്ടിക്കിൾ 11

ഓരോ ആൾക്കും അയാളുടെ ജോലിയോ തൊഴിലോ നിയമാനുസൃതമായി കൈകാര്യം ചെയ്യാൻ അവകാശമു്. എന്നാൽ അങ്ങിനെ ചെയ്യുമ്പോൾ തന്റെ പ്രവർത്തനം, മനുഷ്യാന്തസ്സിനേയോ, മൗലികമായ മനുഷ്യസ്വാതന്ത്ര്യങ്ങളേയോ ബാധിക്കി

ല്ലെന്നു ഓരോ വ്യക്തിയും ഉറപ്പുവരുത്തണം. പ്ര സക്തമായ അന്തർദേശീയ – ദേശീയ സദാചാര വ്യവസ്ഥകൾക്കനുയോജ്യമായി വേണം ഒരോ വ്യക്തിയും പ്രവർത്തിക്കാൻ.

## ആർട്ടിക്കിൾ 12

(1)മനുഷ്യാവകാശങ്ങളുടെ, മൗലികസ്വാതന്ത്ര്യ ങ്ങളുടെ നിഷേധത്തിനെതിരായുള്ള സമാധാന പരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഒരോ വ്യക്തിക്കും, സ്വന്തം നിലയ്ക്കും കൂട്ടായും അവകാശമു്.

(2)ഈ അവകാശങ്ങൾ, സ്വാതന്ത്ര്യങ്ങൾ സംര ക്ഷിക്കാനുള്ള നടപടികൾ ഒരോ രാഷ്ട്രവും സ്വീകരിക്കേതാകുന്നു. മൗലികാവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും നേർക്കുള്ള ഭീഷണികളെ, ഹിംസാത്മക പ്രവർത്തനങ്ങളെ, ഈ സ്വാത ന്ത്ര്യങ്ങൾക്കു വിഘാതമാവുന്ന വിവേചനങ്ങളെ ചെറുത്ത് മൗലികസ്വാതന്ത്ര്യം പൗരന്മാർക്ക് ഉറപ്പു വരുത്തുവാൻ ഒരോ രാഷ്ട്രവും ഉത്തരവാദപ്പെ ട്ടിരിക്കുന്നു. അതിനാവശ്യമായ നിയമം, നടപടി ക്രമം സ്റ്റേറ്റിന്റെ ഭാഗത്തുനിന്നുാകേതാണ്.

(3)ഇതോടനുബന്ധമായി, ദേശീയ നിയമവ്യ വസ്ഥയുടെ കീഴിൽ നിന്നു കൊ് മൗലികസ്വാ

തന്ത്ര്യ വിധ്വംസനങ്ങൾക്കെതിരായി സമാധാന പരമായി പ്രവർത്തിക്കാൻ, പ്രതിഷേധിക്കാൻ ഒരോ വ്യക്തിക്കും അധികാരമു്, ഒറ്റക്കായാലും, സംഘടിച്ചായാലും. ഈ മൗലികസ്വാതന്ത്ര്യ ങ്ങളെ തടസ്സപ്പെടുത്തുന്ന എല്ലാ ഹിംസാപ്ര വർത്തനങ്ങളിൽ നിന്നും പരിരക്ഷ നേടാൻ ഒരോ പൗരനും അവകാശമു്.

## ആർട്ടിക്കിൾ 13

ഈ പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ 3 അനുസരിച്ച് മൗലികസ്വാതന്ത്ര്യങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിനുവേിയുള്ള വിഭവസംരക്ഷണം നടത്തുന്നതിനു ഓരോ വ്യക്തിക്കും ഒറ്റക്കോ, സംഘം ചേർന്നോ പ്രവർത്തിക്കാൻ അവകാശമു്.

## ആർട്ടിക്കിൾ 14

(1)തങ്ങളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ പൗരൻമാരുടെയും പൊതുവും സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ അവകാ ശങ്ങൾ ഉറപ്പുവരുത്തേ ചുമതല രാഷ്ട്രത്തിന്, സ്റ്റേറ്റിന് ഉള്ളതാകുന്നു. അതിനാവശ്യമായ ന ിയമപരവും, ഭരണപരവുമായ നടപടികൾ സ്റ്റേറ്റു കൈക്കൊള്ളേതുമാണ്.

(2)ഈനടപടികൾ താഴെപ്പറയുന്നവയൊക്കെ ഉൾക്കൊള്ളണം.

(എ) ദേശീയ നിയമങ്ങളുടേയും ചട്ടങ്ങളുടേയും അന്തർരാഷ്ട്രീയമായി അംഗീകരിച്ച മനുഷ്യാവകാശങ്ങളുടെയും പ്രസിദ്ധീകരണം, ലഭ്യത.

(ബി) മനുഷ്യാവകാശ സംബന്ധിയായ അന്തർദേശീയ രേഖകളിലേക്കുള്ള സ്വതന്ത്രമായ പ്രവേശം. അന്തർദേശീയ സ്ഥാപനങ്ങൾക്കു സ്റ്റേറ്റ് സമർപ്പിക്കുന്ന റിപ്പോർട്ടുകളും ഇതിലുൾപ്പെടും. ഈ സ്ഥാപനങ്ങളുടെ അവലോകനങ്ങളും, ഔദ്യോഗിക റിപ്പോർട്ടുകളും ലഭ്യമാക്കണം.

(3)മനുഷ്യാവകാശങ്ങളെ പരിരക്ഷിക്കുന്ന ദേശീയസ്ഥാപനങ്ങളുടെ പ്രോത്സാഹനം രാഷ്ട്രത്തിന്റെ ചുമതലയാകന്നു. ഓംബുഡ്സ്മാൻ, മനുഷാവകാശ കമ്മീഷൻ എന്നിവ അതിന്റെ ഭാഗമാകുന്നു.

## ആർട്ടിക്കിൾ 15

മനുഷ്യാവകാശങ്ങളേയും മൗലികസ്വാതന്ത്ര്യങ്ങളേയും കുറിച്ചു പഠിപ്പിക്കേതും സ്റ്റേറ്റിന്റെ ചുമതലയാണ്. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഇതു നടക്കണം. അഭിഭാഷകർ, നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർ, പൊതുഭരണ ഉദ്യോഗസ്ഥർ,

സൈനിക ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന പരിപാടിയിൽ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ തീർച്ചയായും ഉായിരിക്കണം.

## ആർട്ടിക്കിൾ 16

മൗലികസ്വാതന്ത്ര്യങ്ങളെയും മനുഷ്യാവകാശങ്ങളെയും സംബന്ധിച്ചുള്ള പൊതു ബോധവത്ക്കരണത്തിൽ വ്യക്തികൾക്കും സർക്കാരേതര സംഘടനകൾക്കും മറ്റു പൊതുസ്ഥാപനങ്ങൾക്കും വലിയ പങ്കുവഹിക്കാനു്. വിദ്യാഭ്യാസത്തിലൂടെ, പരിശീലനങ്ങളിലൂടെ, ഗവേഷണ പ്രവർത്തനങ്ങളിലൂടെ, സമാധാനം, സഹിഷ്ണത, സൗഹൃദ രാഷ്ട്രങ്ങൾ തമ്മിലുള്ള മൈത്രീബന്ധം തുടങ്ങിയവ വളർത്തിയെടുക്കാനാവും. എല്ലാ വംശീയവും വർഗ്ഗപരവുമായ ഗ്രൂപ്പുകളും സമ്മിൽ സൗഹൃദത്തിന്റെ കണ്ണികൾ നിർമ്മിക്കാൻ കഴിയും.

## ആർട്ടിക്കിൾ 17

ഈ പ്രഖ്യാപനത്തിൽപ്പറയുന്ന മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യങ്ങളും നടപ്പാക്കുന്നതിൽ ഒരു വ്യക്തിക്കോ, സംഘത്തിനോ ഒരു പരിമിതിയെ ഉള്ളൂ. അത് നിലവിലുള്ള അന്തർദേശീയ ബാധ്യതകളുടെയും നിയമവ്യവസ്ഥയു

ടെയും അടിസ്ഥാനത്തിലായിരിക്കണം. ഒരു ജനാധിപത്യ വ്യവസ്ഥയുടെ, സമൂഹത്തിന്റെ നന്മ, ധർമ്മബോധം, ക്രമസമാധാനം എന്നിവയൊക്കെ കണക്കിലെടുക്കണം.

## ആർട്ടിക്കിൾ 18

(1)ഒരോരുത്തർക്കു സമൂഹത്തോടും അതിന കത്തും ചുമതലകളു്. അതിൽക്കൂടി മാത്രമേ വ്യക്തിത്വത്തിന്റെ  സ്വതന്ത്രവും സമ്പൂർണവുമായ വികാസം സാധ്യമാവുകയുള്ളൂ.

(2)ജനാധിപത്യം സംരക്ഷിക്കുന്നതിൽ മനുഷ്യാ വകാശങ്ങൾ, മൗലിക സ്വാതന്ത്ര്യങ്ങൾ ഉറപ്പു വരുത്തുന്നതിൽ, ജനാധിപത്യ സമൂഹങ്ങളെ വളർത്തുന്നതിൽ, വ്യക്തികൾക്കും ഗ്രൂപ്പു കൾക്കും സർക്കാരേതര സംഘടനകൾക്കും പ്ര ധാനമായ പങ്കുവഹിക്കാനു്.

(3)ഈ സാർവ്വത്രിക മനുഷ്യാവകാശപ്രഖ്യാ പനത്തിൽ എടുത്തുപറയുന്നതും ഒരോ ആൾക്കു മുള്ളതുമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങ ളേയും വളർത്താനും സംരക്ഷിക്കുവാനുമുള്ള സുപ്രധാനചുമതല വ്യക്തികൾക്കും, ഗ്രൂപ്പു കൾക്കും, സർക്കാരേതര സംഘടലകൾക്കുമു്.

## ആർട്ടിക്കിൾ 19

ഈ പ്രഖ്യാപനത്തിൽപ്പറയുന്ന അവകാശങ്ങളെ, സ്വാതന്ത്ര്യങ്ങളെ ധ്വംസിക്കുന്ന വിധമുള്ള ഒരു പ്രവൃത്തിയിലും നടപടിയിലും ഏർപ്പെടാൻ വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സമൂഹത്തിനോ സ്റ്റേറ്റിനോ അധികാരമുന്നെ തരത്തിൽ ഈ പ്രഖ്യാപനത്തിലെ ഒരു വാക്കും വ്യാഖ്യാനിക്കപ്പെടാൻ പാടില്ലാത്തതാകുന്നു.

## ആർട്ടിക്കിൾ 20

ഐക്യരാഷ്ട്ര ചാർട്ടറിലെ വ്യവസ്ഥകൾക്കു വിരുദ്ധമായ പ്രവർത്തനങ്ങൾ വ്യക്തികളോ, ഗ്രൂപ്പുകളോ, സ്ഥാപനങ്ങളോ , സർക്കേതരസ്ഥാപനങ്ങളോ നടത്തുന്നുവെങ്കിൽ അതിനെ പിൻതുണയ്ക്കാൻ ഭരണകൂടത്തെ അനുവദിക്കുന്നെ വിധത്തിൽ ഈ പ്രഖ്യാപനത്തിലെ ഒരു ഭാഗവും വ്യാഖ്യാനിക്കപ്പെടുകയുമരുത്.